**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6256** **10-11-2021 - ൽ മറുപടിയ്ക്ക്**

**പണിപൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പണിപൂർത്തിയായ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാനും ആയതിനിടയായാൽ അടിയന്തരമായി പണി പൂർത്തിയാക്കുന്നതിനുമായി എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | പണിപൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി, കെ.ഡബ്യൂ.എ അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും അപേക്ഷിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുമായി നിലവിൽ "റൈറ്റ് ഓഫ് വേ "(ROW) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇത്തരത്തിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരളവുവരെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി ഡിസ്ട്രിക് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും അവലോകനം നടത്തുവാൻ തീരുമാനിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻ തന്നെ വെട്ടി മുറിച്ച് കേബിളുകളും, പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം പ്രസ്തുത കക്ഷികൾ അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |
| (ബി) | പൊതുമരാമത്ത് വകുപ്പ് ഇതുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ വകുപ്പുകളുമായി ചർച്ചകൾ നടത്തി എന്തൊക്കെ തീരുമാനമെടുത്തുവെന്നും ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപന സംവിധാനം രൂപീകരിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | പണിപൂർത്തിയാക്കിയ റോഡുകൾ വിവിധ ആവശ്യങ്ങൾക്കായി വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കുന്നതിനും നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി, കെ.ഡബ്ല്യൂ.എ അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനും അപേക്ഷിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കുന്നതിനുമായി നിലവിൽ "റൈറ്റ് ഓഫ് വേ "(ROW) എന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പോർട്ടലിൽ നിരത്തു വിഭാഗത്തിന് കീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റു വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഇത്തരത്തിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്ന അപേക്ഷകളും, നൽകി വരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപ് തന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ വലിയ ഒരളവുവരെ പരിഹരിക്കുവാൻ സാധിക്കുന്നതാണ്. വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനുമായി |

| | | | |
|---|---|---|---|
| | | | ഡിസ്ട്രിക് ഇൻഫ്രാസ്ട്രക്ച്ചർ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുകയും എല്ലാ മാസവും അവലോകനം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻ തന്നെ വെട്ടി മുറിച്ച് കേബിളുകളും, പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും പെർഫോമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം പ്രസ്തുത കക്ഷികൾ അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |
| (സി) | ഇത്തരത്തിൽ പണി പൂർത്തിയായ റോഡുകൾ വെട്ടിപ്പൊളിക്കുന്നതിലൂടെ പ്രതിവർഷം ശരാശരി എത്ര തുകയുടെ നഷ്ടമാണ് സംസ്ഥാനത്ത് വരുന്നതെന്നും ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ എത്ര തുക ഇത്തരത്തിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | പൊതുമരാമത്ത് റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനാവശ്യമായ റെസ്റ്റോറേഷൻ തുക ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഈടാക്കിയാണ് റോഡ് കുഴിക്കുന്നതിന് അനുമതി നൽകുന്നത്. ആയതു കൊണ്ടു തന്നെ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പുകൾ സ്ഥാപിക്കുന്നതിന് സർക്കാരിന് നേരിട്ട് നഷ്ടം ഒന്നും സംഭവിക്കുന്നില്ല. റെസ്റ്റോറേഷൻ പ്രവൃത്തികൾക്കായി ഈ സർക്കാർ വന്നതിനു ശേഷം ആകെ 29.9 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വെട്ടിപ്പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ്ജായി 165.36 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്. |
| (ഡി) | റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ ഉണ്ടാകുന്ന കുഴികൾ എപ്പോൾ നികത്തുമെന്ന് രേഖപ്പെടുത്തി വയ്ക്കാനും അത് നികത്തപ്പെടാതിരുന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വീഴ്ചയായി കാണാനും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിക്കുവാനുമുള്ള നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഡി) | റോഡുകൾ കുഴിച്ച് പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്ന അവസരത്തിൽ താൽക്കാലിക റെസ്റ്റോറേഷൻ നടത്തി കുഴികൾ നികത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികളുടെ ഉത്തരവാദിത്വമാണ്. ഇതിന് ശേഷമാണ് റെസ്റ്റോറേഷൻ തുക ഉപയോഗിച്ച് റെസ്റ്റോറേഷൻ പ്രവൃത്തി വകുപ്പ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ